76 (364) മാനന്തവാടി ഡിപ്പോയിലെ പഴയ ബസുകൾ

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇപ്പോൾ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഇവയിൽ 5 വർഷത്തിൽ കൂടുതൽ പഴക്കംചെന്ന എത്ര ബസുകൾ ഉണ്ട്;

(സി) പഴയ ബസ്സുകൾ കൂടുതലുള്ളതുകൊണ്ട് മിക്കപ്പോഴും ഷെഡ്യൂൾ ക്യാൻസലേഷൻ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പഴയ ബസുകൾക്ക് പകരമായി പുതിയ ബസുകൾ നൽകി കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) മാനന്തവാടി ഡിപ്പോയിൽ 43 സർവ്വീസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി 44 ബസുകളും നൽകിയിട്ടുണ്ട്.

(ബി) 15 ബസുകൾ.

(സി) ഉണ്ട്,.

(ഡി) കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് തൽക്കാലം നിർവ്വാഹമില്ല. പുതിയ ബസുകളുടെ ലഭ്യതയനുസരിച്ച് പഴയവ പിൻവലിക്കുന്നതാണ്.

77 (365) കൊടുവള്ളി നിയോജക മണ്ഡലത്തിലെ ബസ് സർവ്വീസ്

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലൂടെ സർവ്വീസ് നടത്തിവന്നിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ നിർത്തലാക്കി എന്ന് അറിയിക്കുമോ;

(ബി) നിർത്തലാക്കിയ പ്രസ്തുത ബസ് റൂട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) രൂക്ഷമായ യാത്രാക്ലേശം കണക്കിലെടുത്ത് നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിർത്തലാക്കിയ ഏതൊക്കെ സർവ്വീസുകൾ പുനരാരംഭിച്ചു എന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊടുവള്ളി മണ്ഡലത്തിലൂടെ ഏതൊക്കെ പുതിയ സർവ്വീസുകൾ ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒന്നുംതന്നെ റദ്ദാക്കിയിട്ടില്ല. ബസുകളുടെ അപര്യാപ്തതമൂലം ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) താമരശ്ശേരി ഡിപ്പോയിൽനിന്നും കോട്ടയത്തേക്ക് രണ്ടും എറണാകുളത്തേക്ക് ഒന്നും വേങ്ങപ്പാറ, കൂരച്ചുണ്ട് എന്നിവിടങ്ങളിലേക്ക് ഒന്നുവീതവും സർവ്വീസ് ആരംഭിച്ചു. കൂടാതെ കോഴിക്കോട് ഡിപ്പോയിൽ നിന്ന് എരവണ്ണൂർ വഴി നരിക്കുനി, കുന്നമംഗലം നരിക്കുനി വഴി ബാലുശ്ശേരി എന്നീ ഓരോ സർവ്വീസുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്.

78 (366) കെ.എസ്.ആർ.ടി.സി.യും തൊഴിലാളികളും തമ്മിൽ ഒപ്പുവച്ച എഗ്രിമെന്റ്

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയും തൊഴിലാളികളും തമ്മിൽ 13.4.1999-ന് ഒപ്പുവച്ച എഗ്രിമെന്റിൽ 1.3.1997-നും 13.4.1999-നും മദ്ധ്യേ ഉദ്യോഗക്കയറ്റം നൽകിയ ജീവനക്കാർക്ക് മാത്രമേ പുതിയ ശമ്പളസ്കെയിൽ പ്രൊമോഷൻ തീയതി വച്ച് ഓപ്ഷൻ കൊടുക്കുവാൻ പാടുള്ളൂ എന്ന് എന്തെങ്കിലും നിയന്ത്രണം വച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) 1.4.1999-ൽ ഉയർന്ന ഗ്രേഡിലോ, കാറ്റഗറിയിലോ വേക്കൻസി ഉണ്ടാവുകയും ആ വേക്കൻസിയിലേക്ക് പ്രൊമോഷൻ ഉത്തരവായത് 13.4.1999ന് ശേഷമാവുകയും ചെയ്യുന്ന സംഗതിയിൽ അത്തരത്തിലുള്ള ജീവനക്കാരുടെ പ്രമോഷൻ തീയതി വൈകിയതിന് ആരാണുത്തരവാദി എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രമോഷൻ ഉത്തരവായ തീയതി താമസിച്ചുപോയി എന്ന കാരണത്താൽ പ്രൊമോഷൻ തീയതി വച്ച് പുതുക്കിയ സ്കെയിലിലേക്ക് ഓപ്ഷൻ നൽകാൻ കഴിയാത്ത ജീവനക്കാർക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുമോ;

(ഇ) ഇപ്രകാരം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പ്രസ്തുത ജീവനക്കാരൻ പെൻഷൻ പറ്റുന്നതുവരെ അനുഭവിക്കേണ്ടതായി വരുകയും, അയാളുടെ പെൻഷൻ ആനുകൂല്യങ്ങളിൽ കുറവു വരുത്തുകയും ചെയ്യുമോ;

(എഫ്)എങ്കിൽ ഈ ഗണത്തിൽപ്പെടുന്ന ജീവനക്കാർക്ക് ഉയർന്ന ഗ്രേഡിലോ കാറ്റഗറിയിലോ ഒഴിവുവന്ന 1.4.1999 മുതൽ പ്രൊമോഷൻ നൽകുകയോ, അല്ലാത്തപക്ഷം 13.4.1999-ലെ എഗ്രിമെന്റിന്റെ അനക്ഷർ ആറിന്റെ (3)-ാമത്തെ ക്ലോസിൽനിന്ന് അവർക്ക് ഒഴിവുനൽകി പ്രൊമോഷൻ തീയതിയിൽ പുതുക്കിയ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്യാൻ അനുവദിക്കുകയോ ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്. അതും ശമ്പള പരിഷ്കരണ കരാറിലെ വ്യവസ്ഥയാണ്.

LIBRARY ARCHIVES Kerala Legislative Assembly